# ഗവ. എന്ജിനീയറിംഗ് കോളേജ്, കോഴിക്കോട്
## നോട്ടീസ്

2019-20 അധ്യയനവർഷം **ഒന്നാം വർഷ ബിടെക്/എംടെക്** ക്ലാസ്സുകളില് പ്രവേശനം നേടിയ പട്ടികജാതിയിൽ പെടുന്ന വിദ്യാർഥികൾക്കു പഠനാവശ്യാർത്ഥം ലാപ്ടോപ് വാങ്ങുന്നതിന് പട്ടികജാതി വികസന വകുപ്പ് മുഖേന പരമാവധി **25000/-** രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. താഴെ പറയുന്ന നിബന്ധനകൾ അനുസരിച്ചാണ് ധനസഹായം അനുവദിക്കുന്നത്.

1. ഒരു വിദ്യാർഥിക്കു തന്റെ പഠന കാലയളവിൽ ഒരു പ്രാവശ്യം മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ. ആയതിനാൽ സർക്കാരിന്റെ മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ലാപ്ടോപ്/ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായം ലഭിച്ചിട്ടുള്ളവർ ഈ ആനുകൂല്യത്തിന് അർഹരല്ല. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളവർ പഞ്ചായത്ത്,ബ്ലോക്ക്,ജില്ലാ പഞ്ചായത്ത് എന്നീ അധികാരികളിൽ നിന്നും കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി പരിധിയിലുള്ളവർ അതത് അധികാരികളിൽ നിന്നും ***നാളിതുവരെ ലാപ്ടോപ്പോ/ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായം ലഭിച്ചിട്ടില്ല*** എന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സർടിഫിക്കറ്റ് വാങ്ങി ഹാജരാക്കേണ്ടതാണ്.(പി.ജി കോഴ്സിനു പഠിക്കുന്ന വിദ്യാർഥികൾ, മേൽപറഞ്ഞ സാക്ഷ്യപത്രംത്തിനു പുറമേ ഡിഗ്രി കോഴ്സിനു പഠിച്ച സ്ഥാപനമേധാവിയിൽ നിന്നും ലാപ്ടോപ്പോ,ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായമോ കൈപറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം കൂടി സമർപ്പിക്കണം)

2. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേധാവി ഐ ടി മിഷനിൽ നിന്നും ലഭ്യമാക്കിയ മിനിമം ടെക്നിക്കൽ സ്പെസിഫിക്കേഷനിൽ കുറയാത്ത ലാപ്ടോപ്പായിരിക്കണം വിദ്യാർഥികൾ വാങ്ങേണ്ടത്. ഉയർന്ന സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പുകൾ വിദ്യാർഥികൾക്ക് തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ വകുപ്പ് വഴി **25000/-** രൂപ മാത്രമേ ലഭിക്കുകയുള്ളൂ. (സ്പെസിഫിക്കേഷൻ ഇതോടൊപ്പം ചേർത്തിരിക്കുന്നു)
3. ധനസഹായം അനുവദിക്കുന്നതിന് വിദ്യാർഥികൾ സ്വന്തം നിലയ്ക്ക് ലാപ്ടോപ് വാങ്ങേണ്ടതും ആയത് ഒറിജിനൽ ബില്ല് , സ്പെസിഫിക്കേഷൻ എന്നിവ സഹിതം ലാപ്ടോപ് പരിശോധിച്ച് സാക്ഷ്യപത്രം നൽകുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാക്കി സാക്ഷ്യപത്രം വാങ്ങേണ്ടതുമാണ്.
4. ലാപ്ടോപ് പദ്ധതിയുടെ ധനസഹായം ആവശ്യമില്ലാത്തവർ അക്കാര്യം രേഖാമൂലം അറിയിക്കേണ്ടതാണ് .

**വിദ്യാർഥികൾ ഓഫിസിൽ ഹാജരാക്കേണ്ട രേഖകൾ**

(1)വെള്ള പേപ്പറിൽ എഴുതിയ അപേക്ഷ,

(2)**വിദ്യാർഥിയുടെ പേരിലുള്ള** ലാപ്ടോപ് വാങ്ങിയതിന്റെ ഒറിജിനൽ ബില്ല്,

(3) പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാപഞ്ചായത്ത്, നഗരസഭ എന്നിവിടങ്ങളിൽ നിന്നും ലഭിച്ച സാക്ഷ്യപത്രം, ( ഇതിനു പുറമേ പിജി വിദ്യാർഥികൾ ഡിഗ്രി കോഴ്സ് പഠിച്ച സ്ഥാപന മേധാവി യിൽ നിന്നുള്ള സാക്ഷ്യപത്രം)

(4)ലാപ്ടോപ് പരിശോധിച്ചതിന്റെ സാക്ഷ്യപത്രം,

(5) സ്വന്തം പേരിലുള്ള ബാങ്ക് പാസ് ബുക്കിന്റെ ഒന്നാം പേജിന്റെ പകർപ്പ് (അക്കൗണ്ട് ആധാറുമായി ബന്ധിപ്പിച്ചിരിക്കണം)

(6) ആധാർ കാർഡിന്റെ കോപ്പി . എന്നിവ സഹിതം

**2019 ഡിസംബർ 18** നകം കോളേജ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

**ലാപ്ടോപ് പരിശോധിച്ച് സാക്ഷ്യപത്രം നൽകുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ വിലാസം**

**ശ്രീ. ആബിദ് തറവട്ടത്ത് , കമ്പ്യൂട്ടർ പ്രോഗ്രാമർ ,CCF Lab,**
**ഗവ. എന്ജിനീയറിംഗ് കോളേജ്, കോഴിക്കോട്.**

പ്രിൻസിപ്പാൾ

സ്ഥലം: കോഴിക്കോട്
തിയ്യതി: 06/09/2019
പകർപ്പ് : നോട്ടീസ് ബോർഡ് കോളേജ് വെബ് സൈറ്റ്